# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5509 — 01/07/2014-ൽ മറുപടിക്ക്

### വയനാട് ജില്ലയിൽ ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 2010 ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; | (എ) | ഫാസ്റ്റ് ട്രാക്ക് പ്രൊസീഡിയർ പ്രകാരം സ്വകാര്യഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിരുന്നു. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 08.02.2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 09/10/പജപവവിവ പ്രകാരം വയനാട് ജില്ലയിൽ ഫാസ്റ്റ് ട്രാക്ക് പ്രൊസീഡിയർ അനുസരിച്ച് 1000 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് വയനാട് ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷന് അനുമതി നൽകിയിരുന്നു. ഉത്തരവിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | വയനാട് ആദിവാസി പുനരധിവാസ വികസന മിഷന് പ്രസ്തുത ആവശ്യത്തിലേക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) | 08.02.2010 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 09/10/പജപവവിവ പ്രകാരം വയനാട് ജില്ലയിൽ ഫാസ്റ്റ് ട്രാക്ക് പ്രൊസീഡിയർ അനുസരിച്ച് ഭൂമി വാങ്ങി നൽകുന്നതിന് വയനാട് ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷന് 2010-11, 2011-12 വർഷങ്ങളിലായി യഥാക്രമം 40 കോടി, 10 കോടി എന്നിങ്ങനെ ആകെ 50 കോടി രൂപ അനുവദിച്ചിരുന്നു. |
| (ഡി) | ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | സർക്കാർ അന്ന് ഉദ്ദേശിച്ച രീതിയിൽ സ്വകാര്യ ഭൂമി ഒന്നിച്ച് വിലയ്ക്ക് വാങ്ങാൻ സാധിച്ചിട്ടില്ല. എന്നാൽ 03.09.2013 ലെ സ.ഉ (എം.എസ്) നം. 68/13/പജപവവിവ, 23.10.2013 ലെ സ.ഉ. (എം.എസ്) നം. 84/13/പജപവവിവ എന്നിവ പ്രകാരം, ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും സ്ഥലത്തിന്റെ വില 10 ലക്ഷം രൂപയിൽ അധികരിക്കാതെ ഭൂമി വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 50 കോടി രൂപ കൂടി വിനിയോഗിച്ച് ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്ക് വാങ്ങുന്ന നടപടി പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | നിർദ്ദിഷ്ട പുനരധിവാസ പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ; | (ഇ) | വയനാട് ജില്ലയിൽ പുനരധിവാസത്തിന് അനുയോജ്യമായ സ്വകാര്യ ഭൂമി ഒന്നിച്ച് ലഭിക്കാത്തതിനാൽ ഫാസ്റ്റ്ട്രാക്ക് പ്രൊസീഡിയർ അനുസരിച്ച് സ്വകാര്യ ഭൂമി വാങ്ങി നൽകുന്നതിന് സാധിച്ചിട്ടില്ല. അതേ സമയം പുതിയ പദ്ധതി പ്രകാരം ഇതേ ഫണ്ട് ഉപയോഗിച്ച് ഇതുവരെ വയനാട് ജില്ലയിൽ 49 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 20.5 ഏക്കർ ഭൂമി വിലയ്ക്കുവാങ്ങി വിതരണം ചെയ്തിട്ടുണ്ട്. |
| (എഫ്) | അനുവദിച്ച തുക ഉപയോഗ യോഗ്യമാക്കിയിട്ടില്ലെങ്കിൽ ആയത് ഇപ്പോൾ ഏത് അക്കൗണ്ടിൽ നിലനിറുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എഫ്) | വയനാട് ജില്ലാ ടി.ആർ.ഡി.എം. സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് നം. 1639 ൽ ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പുതിയ പദ്ധതിയ്ക്കായി പണം ചെലവഴിച്ചുവരുന്നു. |

R.V

**സെക്ഷൻ ഓഫീസർ**

120/10 -63 9

ഫയലാക്കാം 11/2/10

**GOVERNMENT OF KERALA**

Abstract

Scheduled Castes /Scheduled Tribes Development Department -- Tribal resettlement & Development Mission - Acquisition of Land for Resettling Landless Tribals in Wayanad District - Sanction accorded - Orders issued.

**SCHEDULED CASTES/SCHEDULED TRIBES DEVELOPMENT (D) DEPARTMENT**

**G.O. (Ms) No.9/2010/SCSTDD** **Dated, Thiruvananthapuram, 08.02.2010**

Read:- 1. G.O (Ms) No.331/2004/RD dated 05.11.2004.
2. G.O (Ms) No.1/2010/SCSTDD dated 01/01/2010.
3. Minutes of the Empowered Mission Committee of the Tribal Resettlement & Development Mission dated 19-01-2010.

**ORDER**

Government as per the reference 2nd read above issued orders directing that acquisition of land for resettling tribals may be taken up under the Fast Track Procedure laid down as per the reference 1st read above.

The Empowered Mission Committee of the Tribal resettlement & Development Mission at its 20th meeting on 19-01-2010 had approved the proposal to acquire 1,000 acres of land in Wayanad for resettling tribals at an approximate cost of Rs.50 crores subject to the condition that plots for acquisition under the Fast Track Procedure shall be identified through a transparent process of advertising for offers from willing sellers of plots with a minimum area of 25 acres, and the suitability of the plots for tribal resettlement and rehabilitation got certified by the District Tribal Resettlement & Development Mission.

Government have examined the recommendation and are pleased to accord sanction for the same.

The Director, Scheduled Tribes Development Department will draw and disburse Rs.25 crores from the Head of Account 2225-02-800-37 - Resettlement of Landless Tribals (TRDM) (Plan) and Rs.5.75 crores from the Head of Account 2225-02-800-37 - Support to Tribal Mission for Resettlement of Landless Tribals - (ACA) (Plan) from the current year's budget to the Tribal Resettlement & Development Mission to meet this expenditure.

By Order of the Governor
**PAUL ANTONY**
Principal Secretary to Government

To

The Director, Scheduled Tribes Development Department, Thiruvananthapuram
The Chief, Tribal Resettlement & Development Mission, Thiruvananthapuram
The Commissioner, Land Revenue, Thiruvananthapuram
The District Collector, Wayanad
The Finance Department
Planning Department
Revenue Department
The Principal Accountant General (Audit), Kerala, Thiruvananthapuram
The Accountant General (A&E), Kerala, Thiruvananthapuram.
Stock File/Office Copy.

Forwarded/By Order

Section Officer